## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 194  07.08.2017 - ൽ മറുപടിയ്ക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവിന്റെയും ലാഭ നഷ്ടങ്ങളുടെയും കണക്ക് വ്യക്തമാക്കാമോ ;

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ (കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലെ വിൽപ്പന ഉൾപ്പെടെ) കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവിന്റെയും ലാഭത്തിന്റെയും കണക്ക് ചുവടെ കൊടുക്കുന്നു.

| വർഷം | വിൽപ്പന (രൂപ) | ലാഭം (രൂപ) |
|---|---|---|
| 2013 -14 | 4,64,92,81,109 | 4,09,10,810 |
| 2014 -15 | 4,54,15,96,777 | 2,54,23,428 |
| 2015 -16 | 5,04,83,06,610 | 4,36,00,846 |
| 2016 -17 | 5,52,61,10,550 | 4,58,72,193 |

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആവശ്യങ്ങൾക്കായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ ഹോട്ടൽ ബില്ലിനത്തിൽ ചെലവായ തുകയെത്രയാണ്; വിശദമാക്കുമോ ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആവശ്യങ്ങൾക്കായി കഴിഞ്ഞ നാല് വർഷങ്ങളിൽ ഹോട്ടൽ ബില്ലിനത്തിൽ ചെലവായ തുക താഴെ കൊടുക്കുന്നു.

| വർഷം | വിൽപ്പന (രൂപ) |
|---|---|
| 2013-14 | 9,39,475 |
| 2014-15 | 4,15,601 |
| 2015-16 | 7,16,925 |
| 2016-17 | 14,97,114 |

| | |
|---|---|
| (സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെ നിർദ്ദേശ പ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത മെമ്പർഷിപ്പ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം കോർപ്പറേഷനെ സംബന്ധിച്ചുള്ള യോഗങ്ങൾ നടത്തുന്നതിനായി തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്. പ്രസ്തുത മെമ്പർഷിപ്പ് വരും കാലങ്ങളിൽ ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) നിരോധിക്കപ്പെട്ട എത്രയിനം മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കെട്ടിക്കിടപ്പുണ്ട് ; ഇവയുടെ മതിപ്പ് വില എത്രയാണെന്ന് വിശദമാക്കുമോ ; | (ഡി) നിരോധിക്കപ്പെട്ട മരുന്നുകളൊന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിക്കുകയോ, കോർപ്പറേഷന്റെ സംഭരണ ശാലകളിൽ കെട്ടിക്കിടക്കുകയോ ചെയ്യുന്നില്ല. |
| (ഇ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ജനറിക് മരുന്നുകൾ വിലകുറച്ച് വാങ്ങി ജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ 'കേരള ജനറിക്സ്' എന്ന പേരിൽ ജനറിക് മരുന്നുകളുടെ വിൽപ്പന 15.05.2017 മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ